സാമ്യവാക്യം
നാം ജീവിക്കേണ്ടതിന്.... പാപങ്ങളെ ചുമന്നു
1 പത്രോ. 2:24

## ജനുവരി 15 ബുധൻ

വായനാഭാഗം
ഇയ്യോബ് 2:1-10

# വെറുതേ ഉപദ്രവിക്കുന്നവൻ

വെറുതേ അവനെ നശിപ്പിക്കേണ്ടതിന്..... ഇയ്യോ. 2:3

ദൈവത്തോടുള്ള വിശ്വസ്തത, ജീവിതത്തിലെ വേദന, കഷ്ടത എന്നിവയിൽ നിന്നുള്ള മോചനം ഉറപ്പ് നൽകുന്നില്ല. പലകാരണങ്ങളാൽ വളരെയേറെ കഷ്ടത അനുഭവിച്ച ഭക്തന്മാരാണ് ദാവീദ്, ഇയ്യോബ്, പൗലോസ് എന്നിവർ. നേരുള്ളവനും ദൈവഭക്തനുമായ ഒരു മനുഷ്യനെ വർണ്ണനാതീതമായ കഷ്ടങ്ങളാൽ പീഢിപ്പിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചതിനെ കേന്ദ്രീകരിച്ചുള്ളതാണ് ഇയ്യോബിന്റെ കഥ.

ലോകത്തിന്റെ ദൈവമായ സാത്താൻ വിശ്വാസികളെ പലവിധത്തിൽ കഷ്ടപ്പെടുത്തുന്നത് അവരുടെ വിശ്വാസത്തിന്റെ പേരിലാണ്. ദാനിയേലിനെതിരേ കുറ്റം കണ്ടെത്തുവാൻ കഴിയാത്ത സാത്താന്യ സന്തതികൾ ദൈവത്തോടുള്ള വിശ്വസ്തതയെ ചോദ്യംചെയ്ത് അവനെ കുറ്റക്കാരനാക്കി. തന്റെ വിശ്വസ്തന് യാതൊരു കേടും വരുവാൻ ദൈവം സമ്മതിച്ചില്ല. വിശ്വാസികൾ കഷ്ടപ്പെടുന്നതിന്റെ മറ്റൊരു കാരണം നാം ക്രിസ്തുവിനുള്ളവർ ആകയാലത്രെ. വെറുതെ സാത്താൻ കഷ്ടത പെരുക്കുമ്പോൾ ദൈവത്തിന്റെ കൃപയും, സമാധാനവും പെരുകുന്നു വെറുതേയുള്ള ഉപദ്രവമായാലും ദൈവത്തിന്റെ അനുവാദം സാത്താനാവശ്യമാണ്. എന്റെ ദാസനായ ഇയ്യോബ് നിന്റെ കയ്യിലിരിക്കുന്നു, അവന്റെ പ്രാണനെ തൊടരുത് എന്ന് ദൈവം കല്പിച്ചിരിക്കുന്നു.

വ്യക്തിപരമായും നമുക്ക് കഷ്ടതയുടെ മേൽ ജയം നേടുവാൻ സാധിക്കും. കഷ്ടതയുടെ കാരണം കണ്ടെത്തി അതിന് പ്രതിവിധി ചെയ്യാൻ തയ്യാറാകുക. ഏത് പ്രതികൂലത്തിലും കർത്താവും രക്ഷിതാവുമായവനെ തള്ളിപ്പറയാതെയിരിപ്പാൻ സൂക്ഷിക്കണം. സാത്താനൊരുക്കിയ മരണനിഴൽ താഴ്വരയിലും തന്റെ ദാസനൊപ്പം ദൈവകൃപയുണ്ടായിരുന്നു. ബലഹീനതയും കഷ്ടതയും നീക്കുന്നതിലല്ല, അതിലൂടെ ദൈവശക്തി വെളിപ്പെടുത്തി വെറുതേ ഉപദ്രവിക്കുന്ന സാത്താനെ തോല്പിക്കുകയാണ് വിശ്വാസി ചെയ്യേണ്ടത്. സ്വന്തം ഭാര്യയിൽ നിന്നുള്ള ഉപദേശം അവന്റെ വിശ്വാസത്തെ പരിശോധിക്കുന്നതായിട്ടും അവൻ പതറിയില്ല. ദൈവത്തോട് കൂറുള്ളവനായിരിക്കുമെന്ന അവന്റെ ധാർമ്മിക തീരുമാനം ഉപേക്ഷിക്കുവാനോ, ഇയ്യോബ് തയ്യാറായില്ല. നിരാശയുടെ വാക്കുകളോ ദൈവനിന്ദയോ കേൾക്കുവാൻ കൊതിച്ച സാത്താന് തെറ്റുപറ്റി. ദൈവത്തിൽ നിന്ന് നന്മ മാത്രമല്ല, തിന്മയും സ്വീകരിപ്പാൻ തയ്യാറാകുവാനാണ് ഇയ്യോബിന്റെ ജീവിതം നമ്മെ പഠിപ്പിച്ചത്.

പ്രിയരെ, എന്തിനാണ് ദൈവമേ ഈ കഷ്ടത, മതി കർത്താവേ എന്ന് പുലമ്പുന്നവരാകാതെ ഇയ്യോബിനെപ്പോലെ അധരംകൊണ്ട് പാപം ചെയ്യാതെ അചഞ്ചലരായിരിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.**